# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 7628

15/07/2014ൽ മറുപടി നൽകേണ്ടിയിരുന്നത്

### ഒറ്റത്തവണ പി.എസ്.സി. രജിസ്ട്രേഷൻ-ഫോട്ടോയിൽ ജനനത്തീയതിയും പേരും ഒഴിവാക്കുന്നതിന് നടപടി

ചോദ്യം :

ശ്രീ. എ.എ. അസീസ്
ശ്രീ. കോവൂർ കുഞ്ഞുമോൻ

(എ) പി.എസ്.സി.യുടെ ഒറ്റത്തവണ രജിസ്ട്രേഷനിൽ ഫോട്ടോയിൽ പേരും ജനനത്തീയതിയും ഇല്ലാത്തതുമൂലം നിരവധി ഉദ്യോഗാർത്ഥികൾ ബുദ്ധിമുട്ടുകൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫോട്ടോയിൽ പേരും ജനനത്തീയതിയും വേണമെന്നതിന്റെ ആവശ്യകത വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിബന്ധന ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം :

ശ്രീ. ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

(എ) പി.എസ്.സി.യുടെ ഒറ്റത്തവണ രജിസ്ട്രേഷന് upload ചെയ്യുന്ന ഫോട്ടോയിൽ പേരും ഫോട്ടോ യെടുത്ത തീയതിയുമാണ് (ജനനത്തീയതിയല്ല) രേഖപ്പെടുത്തേണ്ടത്. ഈ നിബന്ധന പാലിക്കുവാൻ കഴിയാതെപോയ ഉദ്യോഗാർത്ഥികളുടെ പരാതി പരിഗണിച്ച്, അപേക്ഷ അയക്കേണ്ട അവസാന തീയതി കഴിഞ്ഞതും എന്നാൽ സെലക്ഷൻ നടപടികൾ ആരംഭിക്കാത്തതുമായ തസ്തികകൾക്ക് ഒറ്റത്തവണ രജിസ്ട്രേഷൻ മുഖേന അപേക്ഷിച്ചവർക്ക് പേരും ഫോട്ടോ എടുത്ത തീയതിയുമുള്ള പുതിയ ഫോട്ടോ upload ചെയ്യുന്നതിന് വൺടൈം സെറ്റിൽമെന്റ് എന്ന നിലയിൽ 2014 ഏപ്രിൽ 1 മുതൽ മേയ് 15വരെ സമയം അനുവദിക്കുകയുണ്ടായി.

(ബി)യും (സി)യും
പി.എസ്.സി. പരീക്ഷകളിൽ അടുത്ത കാലത്തുണ്ടായ ആൾമാറാട്ടം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഭാവിയിൽ അവ ഒഴിവാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ഉദ്യോഗാർത്ഥികളെ വ്യക്തമായി തിരിച്ചറിയുന്നതിനും ഏറ്റവും അടുത്ത കാലത്ത് എടുത്ത ഫോട്ടായാണെന്ന് ഉറപ്പു വരുത്തുന്നതിനും വേണ്ടിയാണ് ഫോട്ടോ എടുത്ത തീയതിയും അപേക്ഷയോടൊപ്പം upload ചെയ്യണമെന്നുള്ള നിർദ്ദേശം നൽകിയിട്ടുള്ളത്. ഈ നിബന്ധന ഒഴിവാക്കുന്ന കാര്യം ഇപ്പോൾ കമ്മീഷന്റെ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ